## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത്2010-2011 വർഷം സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 80250/- രൂപയുടെ ചെലവിന് ( 2010-11, 2011-12 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6ൽ പരാമർശിച്ചിട്ടുള്ളത്) - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ)നം. 1825 /2016/തസ്വഭവ.  തിരുവനന്തപുരം, തീയതി:02/06/2016

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 23/12/2015-ലെ എം3-34432/12 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 04/04/2016 ലെ കെ.എസ്.എ 1990/പിറ്റി1/2016 നമ്പർ കത്ത്.

### ഉത്തരവ്

ആലപ്പുഴ ജില്ലയിലെ ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2010-2011,2011-2012 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-6 പ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി(എസ്.ജി.എസ്.വൈ മാനദണ്ഡങ്ങൾ പാലിക്കാതെ) പട്ടികവർഗ്ഗക്കാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി, പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള പദ്ധതിപ്രകാരം ചെലവുചെയ്ത 80,250/-രൂപ (എൺപതിനായിരത്തി ഇരുന്നൂറ്റി അമ്പത് രൂപ മാത്രം) ആഡിറ്റ് നിരാകരിച്ചിരുന്നു. എസ്.ജി.എസ്.വൈ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാലാണ് ആഡിറ്റ് തടസ്സം വന്നിട്ടുള്ളത്. സ്വയം തൊഴിൽ ഗ്രൂപ്പുകൾക്കല്ല സബ്സിഡി നൽകിയിട്ടുള്ളത് എന്ന് ആഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 03-07-2015ലെ 3(3)ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്,ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് ഡയരക്ടർ മുഖേന പരാമർശം(1)പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽffffff വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം(2)പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി

ശുപാർശ , പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ഖണ്ഡിക 3-6 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി പദ്ധതി ഗ്രാമീണമേഖലയിലെ നിർദ്ധനരും നിരക്ഷരരുമായ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട കുടുംബങ്ങൾക്ക് പരാമ്പരാഗതതൊഴിലുകൾ എടുത്ത് ഉപജീവനം നടത്തുന്നതിന് സഹായകമാണ് എന്നും ഊരുകൂട്ടത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള ഒരു പദ്ധതി നടപ്പിലാക്കിയത് എന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽffffff വ്യക്തമാക്കി യിട്ടുണ്ട്.പദ്ധതിനടത്തിപ്പിൽ മറ്റു യാതൊരു അപാകതയും ആഡിറ്റ് കണ്ടെത്തിയിട്ടില്ല. ആയതിനാൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത്2010-2011 വർഷം പ്രോജക്ട് നമ്പർ 121, 136, 138 എന്നീ പദ്ധതികളിൽ, സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 80250/- രൂപയുടെ (എൺപതിനായിരത്തി ഇരുന്നൂറ്റി അമ്പത് രൂപ മാത്രം) (2010-2011, 2011-2012 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-6 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 80,250/- രൂപ) ചെലവിന്, ഭാവിയിൽ മാർഗ്ഗരേഖയ്ക്ക് വിധേയമായി മാത്രമേ ഇത്തരത്തിലുള്ള പദ്ധതി തയ്യാറാക്കാവൂ എന്ന നിർദ്ദേശത്തോടെ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിദ്ധാർത്ഥൻ.എസ്
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, ആലപ്പുഴ
സെക്രട്ടറി, ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ